| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടക്കേണ്ട ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 33. | പട്ടി, പന്നി എന്നിവ വളർത്തുന്നതിനുള്ള ലൈസൻസ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച ഉടമസ്ഥന്റെ അപേക്ഷ | 1. വളർത്തുന്ന കെട്ടിടത്തിന്റെ നമ്പർ കാണിച്ചിരിക്കണം.<br>2. പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയതിനായുള്ള മൃഗ ഡോക്ടറുടെ അസ്സൽ സർട്ടിഫിക്കറ്റ്<br>3. സമീപവാസികളുടെ സമ്മതപത്രം (ആവശ്യമെങ്കിൽ) | 10 രൂപ (ഒരു മൃഗത്തിന്) | 30 ദിവസം |
| 34. | പൊതു പരാതികൾ | ഗ്രാമപഞ്ചായത്ത് | വിശദവിവരം കാണിച്ചുകൊണ്ട് വെള്ളകടലാസിലുള്ള അപേക്ഷ | അപേക്ഷകന്റെ പൂർണ്ണ മേൽവിലാസം ഉണ്ടായിരിക്കണം | ചട്ടപ്രകാരമുള്ള തുക | 45 ദിവസം |
| 35. | നിലവിലുള്ള റേഷൻ കാർഡിൽ പേരില്ലെന്നുള്ള സർട്ടിഫിക്കറ്റ് | പ്രസിഡണ്ട് ഗ്രാമപഞ്ചായത്ത് | വിശദവിവരങ്ങൾ കാണിച്ചുകൊണ്ട് വെള്ളകടലാസിലുള്ള അപേക്ഷ | 1. അപേക്ഷന്റെ പൂർണ്ണ മേൽവിലാസം ഉണ്ടായിരിക്കണം.<br>2. ഇതിന് മുമ്പ് എവിടെയെല്ലാം സ്ഥിരതാമസമുണ്ടായിരുന്നെന്ന് അപേക്ഷയിൽ വ്യക്തമാക്കണം.<br>3. വാർഡ് മെമ്പറുടെ കത്ത് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം. | ഇല്ല | അതേ ദിവസം |
| 36. | തൊഴിൽ രഹിതനാണെന്നുള്ള സർട്ടിഫിക്കറ്റ് | പ്രസിഡണ്ട് ഗ്രാമപഞ്ചായത്ത് | വിശദവിവരങ്ങൾ കാണിച്ചുകൊണ്ട് വെള്ളകടലാസിലുള്ള അപേക്ഷ | വാർഡ് മെമ്പറുടെ കത്ത് അപേക്ഷയൊടൊപ്പം ഉള്ളടക്കം ചെയ്യണം. | ഇല്ല | അതേ ദിവസം |
| 37. | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | പ്രസിഡണ്ട് ഗ്രാമപഞ്ചായത്ത് | വിശദവിവരങ്ങൾ കാണിച്ചുകൊണ്ട് വെള്ളകടലാസിലുള്ള അപേക്ഷ | വാർഡ് മെമ്പറുടെ കത്ത് അപേക്ഷയൊടൊപ്പം ഉള്ളടക്കം ചെയ്യണം. | ഇല്ല | അതേ ദിവസം |
| 38. | കോർട്ട് ഫീ സ്റ്റാമ്പ് ഇളവ് | | പ്രസിഡണ്ടിനുള്ള എല്ലാ അപേക്ഷകൾക്കും | എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾക്ക് | ഇല്ല | |
| 39. | ജനനി സുരക്ഷ യോജന (JSY) | മെഡിക്കൽ ഓഫീസർ പ്രാഥമികാരോഗ്യ കേന്ദ്രം | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ രണ്ടു കോപ്പി<br>2. പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നുള്ള സാക്ഷ്യ പത്രം<br>3. റേഷൻ കാർഡ്, ബി.പി.എൽ സർട്ടിഫിക്കറ്റ് | 1. ആദ്യത്തെ രണ്ട് ഗർഭത്തോടനുബന്ധിച്ച് മാത്രം<br>2. 19 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം.<br>3. ഏതെങ്കിലും സർക്കാരാശുപത്രിയിലോ, ആരോഗ്യ കേന്ദ്രത്തിലോ രജിസ്റ്റർ ചെയ്തിരിക്കണം.<br>4. ഈ ആനുകൂല്യം പദ്ധതി നിലവിലുള്ള കാലത്ത് മാത്രവും മറ്റു കാര്യങ്ങൾ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിലുമായിരിക്കണം. | ഇല്ല | 60 ദിവസത്തിനകംതീരുമാനമെടുത്ത് അപേക്ഷകന് വിവരം നൽകുന്നതാണ്. |
| | | | | | | |

# ദേലംപാടി ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ

(1.8.2021 മുതൽ പ്രാബല്യത്തിൽ താഴെപ്പറയുന്ന സേവനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് പഞ്ചായത്ത് സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്.)

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടക്കേണ്ട ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 40. | വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രം, പെരിയ മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഹരിപുരം അമ്പലത്തറ | ബന്ധപ്പെട്ട അപേക്ഷ | സർട്ടിഫിക്കറ്റ് ആവശ്യമുള്ള വ്യക്തി നേരിട്ട് ഹാജരാകണം. മറ്റു കാര്യങ്ങൾ ചട്ടം അനുശാസിക്കുന്ന വിധത്തിലായിരിക്കും. | ഇല്ല | അതേ ദിവസം |
| 41. | മെഡിക്കൽ സർട്ടിഫിക്കറ്റ് | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രം, പെരിയ മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഹരിപുരം അമ്പലത്തറ | ബന്ധപ്പെട്ട അപേക്ഷ | സർട്ടിഫിക്കറ്റ് ആവശ്യമുള്ള വ്യക്തി നേരിട്ട് ഹാജരാകണം. മറ്റു കാര്യങ്ങൾ ചട്ടം അനുശാസിക്കുന്ന വിധത്തിലായിരിക്കും. | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | അതേ ദിവസം |
| 42. | പ്രാഥമികാരോഗ്യകേന്ദ്രം ആയുർവ്വേദാശുപത്രി മുതലായ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട ആനുകുല്യങ്ങൾ | ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | അതേ ദിവസം |
| 43. | ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) | ഹെഡ്മാസ്റ്റർ എൽ.പി/യു.പി/ എച്ച്.എസ്. | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | 3 പ്രവൃത്തി ദിവസം |
| 44. | അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് | ഹെഡ്മാസ്റ്റർ എൽ.പി/യു.പി/ സ്കൂൾ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | വിദ്യാർത്ഥിയുടെ പേരിൽ വാങ്ങിയ 50 രൂപ മുദ്രപത്രം ഹാജരാക്കണം. മറ്റ് കാര്യങ്ങൾ ചട്ടങ്ങൾ അനുശാസിക്കുന്ന വിധം. | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | 3 പ്രവൃത്തി ദിവസം |
| 45. | ജനന തീയ്യതി കാണിക്കുന്ന സർട്ടിഫിക്കറ്റ് | ഹെഡ്മാസ്റ്റർ എൽ.പി/യു.പി/ സ്കൂൾ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | 3 പ്രവൃത്തി ദിവസം |

# ദേലംപാടി ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ

(1.8.2021 മുതൽ പ്രാബല്യത്തിൽ താഴെപ്പറയുന്ന സേവനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് പഞ്ചായത്ത് സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്.)

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടക്കേണ്ട ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 46. | ഗുണഭോക്തൃ സമിതി കരാറുണ്ടാക്കി ഒപ്പു വെക്കൽ | ഗ്രാമപഞ്ചായത്ത് അധികാരപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | യോഗ നോട്ടീസ്, മിനുട്സ്, യോഗ നോട്ടീസിന്റെയും മിനുട്സിന്റെയും ശരിപകർപ്പുകൾ 200 രൂപയുടെ മുദ്രപത്രം രണ്ടെണ്ണം | ചെയർമാൻ, കൺവീനർ ഉൾപ്പെടെയുള്ള ഗുണഭോക്തൃ സമിതി അംഗങ്ങൾ, രണ്ട് സാക്ഷികൾ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥർ മുമ്പാകെ ഒപ്പിടണം., ബാങ്ക് അക്കൗണ്ട് തുടങ്ങിയതിന്റെ പകർപ്പ്. | ഇല്ല | ഭരണസമിതി അംഗീകാരത്തിനു ശേഷം 5 ദിവസം |
| 47. | ഗുണഭോക്തൃ സമിതി നടത്തുന്ന പൊതു പ്രവർത്തികൾക്കുള്ള മൊബിലൈസേഷൻ അഡ്വാൻസ് | ഗ്രാമപഞ്ചായത്ത് അധികാരപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | 1. കൺവീനറുടെ പേരിൽ 200 രൂപയുടെ മുദ്രപത്രം<br>2. ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ എസ്. ബി. ജോയിന്റ് അക്കൗണ്ട് പാസ്സ് ബുക്ക് | 1. പ്രവൃത്തി സൈറ്റിൽ ബോർഡ് സ്ഥാപിക്കണം.<br>2. അഡ്വാൻസ് ആവശ്യപ്പെടുന്നത് സംബന്ധിച്ച് ഗുണഭോക്തൃ സമിതി മിനുട്സ്<br>3. 200/- രൂപ മുദ്രപത്രത്തിൽ കരാർ ഉടമ്പടി | ഇല്ല | ഭരണ സമിതി അംഗീകാരത്തിന് ശേഷം 7 ദിവസം |
| 48. | പൊതു പ്രവർത്തിയുടെ പാർട്ട് ബില്ല് | ഗ്രാമപഞ്ചായത്ത് അധികാരപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | എഞ്ചിനീയർ തയ്യാറാക്കിയ ഫൈനൽ ബില്ലും. എം. ബുക്കും സഹിതം അപേക്ഷിക്കണം. (ബില്ലും എം. ബുക്കും ബന്ധപ്പെട്ട അധികൃതർ സൂക്ഷ്മ പരിശോധന നടത്തിയിട്ടുണ്ടായിരിക്കണം. | പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സമർപ്പിക്കണം. മറ്റ് കാര്യങ്ങൾ ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | ഇല്ല | 10 പ്രവൃത്തി ദിവസം |
| | | | | | | |

മുകളിൽ പറഞ്ഞ സേവനങ്ങളെല്ലാം ഫ്രണ്ട് ഓഫീസ് മുഖേനയാണ് ലഭിക്കുന്നത്.

# ദേലംപാടി ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ

(1.8.2021 മുതൽ പ്രാബല്യത്തിൽ താഴെപ്പറയുന്ന സേവനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് പഞ്ചായത്ത് സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്.)

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | വിവിധ കാർഷിക വിളകളുടെ ശാസ്ത്രീയ കൃഷി രീതി സംബന്ധിച്ച വിവരം ശാസ്ത്രീയ കൃഷി രീതി പഠനം | ഓഫീസ് സമയങ്ങളിൽ കൃഷിഭവനുമായി ബന്ധപ്പെടുക. ആഗ്രോ ക്ലിനിക്കുകളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുക. (കൂടുതൽ വിവരത്തിന് തൊട്ടടുത്തുള്ള പിലിക്കോട്, പടന്നക്കാട്, കാർഷിക കോളേജുകളുമായി ബന്ധപ്പെടാവുന്നതാണ്. | തത്സമയം | ഇല്ല |
| 2. | കാർഷിക വിളകളുടെ കീടരോഗ പരിശോധനയും നിയന്ത്രണ മാർഗ്ഗങ്ങളുടെ ശുപാർശ | ഓഫീസ് സമയങ്ങളിൽ കൃഷിഭവനുമായി ബന്ധപ്പെടുക. ആഗ്രോ ക്ലിനിക്കുകളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുക. (കൂടുതൽ വിവരത്തിന് തൊട്ടടുത്തുള്ള പിലിക്കോട്, പടന്നക്കാട്, കാർഷിക കോളേജുകളുമായി ബന്ധപ്പെടാവുന്നതാണ്. | തത്സമയം | ഇല്ല |
| 3. | മണ്ണ് പരിശോധന തദനുസരണമായ വിള പരിപാലന ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച മണ്ണ് സാമ്പിൾ കൃഷിയിടത്തിന്റെ വിവരം, നിലവിലുള്ള വിളവ്, കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം നൽകുക. | ഒരു മാസം | ഇല്ല |
| 4. | പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം ലഭിക്കാൻ | നാശനഷ്ടം സംഭവിച്ച് 10 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ 2 കോപ്പി പൂരിപ്പിച്ച് കൃഷി ഓഫീസർക്ക് നികുതി രശീതി സഹിതം സമർപ്പിക്കുക. | 10 ദിവസത്തിനകം നഷ്ടം തിട്ടപ്പെടുത്തി ശുപാർശ ചെയ്യാം. | ഇല്ല |
| 5. | വിള ഇൻഷ്വറൻസ് (നെല്ല്, തെങ്ങ്, വാഴ, കുരുമുളക്, കശുവണ്ടി, കവുങ്ങ്, മരച്ചീനി, കൈതച്ചക്ക, മഞ്ഞൾ, ഇഞ്ചി, പച്ചക്കറി) | ഓൺലൈൻ അപേക്ഷ | 7 ദിവസം | ഇല്ല |
| 6. | കാർഷികാവശ്യത്തിന് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മുൻഗണനാ സർട്ടിഫിക്കറ്റ്. | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ കൃഷി ഓഫീസർക്ക് നൽകുക. പമ്പ് ഹൗസ് ഓണർഷിപ്പ് സർട്ടിഫിക്കറ്റും കൈവശാവകാശ സർട്ടിഫിക്കറ്റും വേണ്ടതാണ്. | 5 ദിവസം (ഫീൽഡ് സന്ദർശനത്തിന് ശേഷം) | ഇല്ല |
| 7. | നെൽകൃഷിക്കാർക്കുള്ള ഉല്പാദന ബോണസ്സ് | പാടശേഖര സമിതികൾ മുഖാന്തിരം ഓരോ വിളകൾക്കും പ്രത്യേകം നിശ്ചയിച്ച മാതൃകയിലുള്ള അപേക്ഷ, തന്നാണ്ട് കരം അടച്ച രശീതിയൊടൊപ്പം കൃഷി ഓഫീസർക്ക് നൽകുക | ഫണ്ട് ലഭിച്ച് 7 ദിവസത്തിനകം | ഇല്ല |
| 8. | അത്യുല്പാദന ശേഷിയുള്ള വിളകളും നടീൽ വസ്തുക്കളും. | വിളയിറക്കുന്നതിന് മുമ്പായി കൃഷി ഭവനുമായി ബന്ധപ്പെടുക | ലഭ്യമാകുന്ന മുറയ്ക്ക് | ഗവൺമെന്റ് നിശ്ചയിക്കുന്ന വില |
| 9. | മാതൃകാ കൃഷി തോട്ടം ഉണ്ടാക്കാൻ | കൃഷി വകുപ്പ്, എ.ടി.എം.എ., എസ്.എച്ച്.എം. എന്നിവ അനുശാസിക്കുന്ന നിബന്ധനകൾ (കൃഷിഭവനുമായി ബന്ധപ്പെടുക) | ബന്ധപ്പെട്ട പരിശോധനക്ക് ശേഷം | ഇല്ല |

# ദേലംപാടി ഗ്രാമപഞ്ചായത്ത്
## കൃഷി ഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 10. | ജലസേചനത്തിന് പമ്പ് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് മണ്ണെണ്ണ പെർമിറ്റിനുള്ള ശുപാർശ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2കോപ്പി കൃഷി ഓഫീസർക്ക് നൽകുക. കരം രശീതി, റേഷൻ കാർഡ്, മുൻവർഷത്തെ പെർമിറ്റി സഹിതം. | ഡിസംബർ, ജനുവരി മാസങ്ങളിൽ (താലൂക്ക് സപ്ലൈ ഓഫീസറുടെ നിർദ്ദേശാനുസരണം) | ഇല്ല |
| 11. | വിത്ത് ഗുണ നിയന്ത്രണം (സീഡ് ടെസ്റ്റിംഗ് ലബോട്ടറി) ആലപ്പുഴ മുഖേന | നിർദ്ദേശാനുസരണം ശേഖരിച്ച വിത്ത് സാമ്പിൾ 500 ഗ്രാം കൃഷി ഭവനിൽ ഏൽപ്പിക്കുക. | 30 ദിവസം | ഇല്ല |
| 12. | രാസവള കീടനാശിനി നടത്തുന്നതിന് ലൈസൻസ് നൽകലും പുതുക്കലും | ഓൺലൈൻ അപേക്ഷ | 7 ദിവസത്തിനകം പരിശോധിച്ച് ശുപാർശ ചെയ്യാം. | ഇല്ല |
| 13. | ചെറുകിട/ വൻകിട പരിമിത കൃഷിക്കാനുള്ള സർട്ടിഫിക്കറ്റ് | സ്വന്തം സ്ഥലത്തിന്റെ മൊത്തം കൈവശ സർട്ടിഫിക്കറ്റ്, വെള്ള കടലാസിൽ അപേക്ഷ കൃഷി ഓഫീസിൽ നൽകുക. | 5 ദിവസം | ഇല്ല |
| 14. | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം. | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 3 എണ്ണം (കൈവശ സർട്ടിഫിക്കറ്റ് 3 കോപ്പി ബയോഗ്യാസ് പ്ലാന്റ് പണി കഴിഞ്ഞ് പരിശോധന നടത്തിയ ശേഷം കൃഷി വകുപ്പിന്റെ ടങ്കി ഏജന്റ് മുഖാന്തിരം നിർമ്മിച്ചവർക്ക് മാത്രം | പ്ലാന്റ് പരിശോധന നടത്തിയ ശേഷം | ഇല്ല |
| 15. | വിവിധ പദ്ധതികൾക്കുള്ള ആനുകൂല്യങ്ങൾ | എ.ഡി.സി. വഴിയും കൃഷി വിജ്ഞാനകേന്ദ്രം ഓഫീസ് എന്നിവിടങ്ങളിലും , പഞ്ചായത്ത് ഓഫീസ്, പത്രം, റേഡിയോ എന്നീ മാധ്യമങ്ങൾ, നോട്ടീസ് എന്നിവ വഴി പ്രചരണം നടത്തിയ അപേക്ഷകൾ സ്വീകരിക്കുന്നു. വിവിധ സമിതികൾ മുഖേന പ്രചരണം നടത്തുന്നു. | സമയബന്ധിതമായി നടപ്പിലാക്കുന്ന ഫണ്ട് ലഭ്യതക്കനുസരിച്ച് ഫീൽഡ്തല പരിശോധനക്ക് ശേഷം | ഇല്ല |
| 16. | കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാനതല കേന്ദ്രതല പദ്ധതി ഇതുന്നയിച്ചുള്ള ഉത്പാദനോപാധികൾ നടീൻ വസ്തുക്കൾ, സബ്സിഡി ആനുകൂല്യങ്ങൾ | അതാത് സമയത്ത് കൃഷിവകുപ്പിന്റെ നിബന്ധന പ്രകാരം | കൃഷി വകുപ്പ് അനുശാസിക്കുന്ന നിബന്ധന എയി.സി. നിർദ്ദേശപ്രകാരം | പദ്ധതിപ്രകാരം |
| 17. | ചെറുകിട കൃഷിക്കാർക്ക് ജനസേചനത്തിന് വൈദ്യുതി സൗജന്യം | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ നൽകുക. അടച്ച അവസാനത്തെ വൈദ്യുതി ബില്ല്. | ബന്ധപ്പെട്ട ഫീൽഡ് പരിശോദനക്ക് ശേഷം | പദ്ധതിപ്രകാരം |

## ദേലംപാടി ഗ്രാമപഞ്ചായത്ത്
## അംഗൻവാടികൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | ഗുണഭോക്താക്കൾ | പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | അനുപൂരക പോഷകാഹാരം | ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ<br>കൗമാരപ്രായക്കാരായ പെൺകുട്ടികൾ | അംഗൺവാടികളിൽ പ്രീ-പ്രൈമറി ക്ലാസ്സിൽ ഹാജരാകുന്ന 3 വയസ്സുമുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് 50 ഗ്രാം അരി, 15 ഗ്രാം ചെറുപയർ, എന്നിവ ചേർത്ത കഞ്ഞി ഉച്ചയ്ക്ക്12.30ന് നൽകുന്നു. കൂടാതെ അംഗൺവാടിയിലെ പ്രീ-സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം (ചൊവ്വ, വെള്ളി, ദിവസങ്ങളിൽ ) ഓരോ മുട്ട വീതം നൽകുന്നു. ജനറൽ ഫീഡിംഗിന് ആഴ്ചയിൽ 3 ദിവസം 3 മണിക്ക് പായസ വിതരണം നടത്തുകയും ചെയ്യുന്നു. 2 ദിവസം ശർക്കര ചേർത്ത് ചെറുപയർ പുഴുക്കുണ്ടാക്കി കൊടുക്കുന്നു. 2 ദിവസം 50 ഗ്രാം നുറുക്ക് ഗോതമ്പ് 5 ഗ്രാം, വെളിച്ചെണ്ണ 10 ഗ്രാം നിലക്കടല എന്നിവ ചേർത്ത് ഉപ്പുമാവ് ഉണ്ടാക്കി കൊടുക്കുന്നു. ഗർഭിണികൾ, മുലയൂട്ടുന്നവർ, കൗമാര പ്രായക്കാർ, എന്നിവർക്ക് ഡബിൾ റേഷൻകാർഡ് നൽകുന്നു. 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് ഒരു ദിവസത്തേക്ക് ന്യൂട്രിമിക്സ് (അമൃതം) 135 ഗ്രാം വെച്ച് മാസത്തിൽ രണ്ട് പ്രാവശ്യമായി വീട്ടിലേക്ക് കൊടുത്തുവിടുന്നു. (THRS) | ഗർഭിണികൾ ഗർഭകാലത്തും അവർ പ്രസവിച്ച് 6 മാസം വരെയും | ഇല്ല |
| 2. | അനൗപചാരിക പ്രി-പ്രൈമറി സ്കൂൾ വിദ്യാഭ്യാസം | 3 വയസ്സിനും 6 വയസ്സു വരെയുള്ള കുട്ടികൾ | കുട്ടികൾ 3 വയസ്സ് പൂർത്തിയായാൽ അംഗൺവാടി പ്രീ-പ്രൈമറി ക്ലാസ്സിൽ ചേർക്കണം. | 6 വയസ്സ് പൂർത്തിയാകുന്നതു വരെ. | ഇല്ല |
| 3. | രോഗപ്രതിരോധ കുത്തിവെയ്പ്പ്, വൈദ്യപരിശോധന | ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ | ആരോഗ്യവകുപ്പിന്റെ സഹായത്തോടുകൂടി അംഗൺവാടികളിൽ വെച്ച് രോഗപ്രതിരോധ കുത്തിവെപ്പ് വൈദ്യപരിശോധന നടത്തുന്നു. | ഓരോ കുത്തിവെപ്പും എടുക്കേണ്ട നിശ്ചിത സമയപരിധിക്കുള്ളിൽ കുത്തിവെപ്പ് നൽകുന്നു. | ഇല്ല |
| 4. | ആരോഗ്യ-പോഷണ വിദ്യാഭ്യാസം | 19 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവർ | മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും ആരോഗ്യ പോഷണ വിദ്യാഭ്യാസ ക്ലാസ്സ് അംഗൺവാടി വർക്കറുടെ നേതൃത്വത്തിൽ വിളിച്ചുചേർക്കുന്നു.<br>വാർഡ് തല ആരോഗ്യ പോഷണ ദിനാചരണം നടത്തുന്നു | ഓരോ മാസവും 25-ാം നിയതിക്ക് മുമ്പായി അംഗൺവാടി കേന്ദ്രീകരിച്ച് ആരോഗ്യപ്രവർത്തകർ ക്ലാസ്സ് നൽകുന്നു. | ഇല്ല |

# ദേലംപാടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൺവാടികൾ

| ക്രമ നമ്പർ | സെന്റർ നമ്പർ | അംഗൺവാടികളുടെ പേര് | വാർഡ് നമ്പർ |
|---|---|---|---|
| 1. | | ബെള്ളിപ്പാടി | III |
| 2. | | കല്ലടുക്ക | II |
| 3. | | ദേലംപാടി | II |
| 4. | | ഊജംപാടി | I |
| 5 | | മയ്യള | I |
| 6. | | കണ്ണങ്കോൽ | XVI |
| 7. | | നുജിബേട്ട് | XVI |
| 8. | | പരപ്പ (ശാലത്തടുക്ക) | XVI |
| 9. | | പള്ളംങ്കോട് | XV |
| 10. | | അഡൂർ | XII |
| 11. | | ദേവറഡുക്ക | IV |
| 12. | | കോരിക്കണ്ടം | VI |
| 13. | | ചിറക്കണ്ടം | VI |
| 14. | | മൊഗർ | XIV |
| 15. | | മണിയൂർ | XIV |
| 16. | | പൊനോരം | XII |
| 17. | | ബാലനടുക്ക | XII |
| 18. | | മൂലടുക്ക | XIII |
| 19. | | മുതുവന്തടുക്ക | X |
| 20. | | ബളവന്തടുക്ക | X |
| 21. | | പാണ്ടി | XI |
| 22. | | കാട്ടിപ്പാറ | IX |
| 23. | | ബാളങ്കയ | IX |
| 24. | | മല്ലംപാറ | VIII |
| 25. | | പയറടുക്ക | VII |

# ദേലംപാടി ഗ്രാമപഞ്ചായത്ത്

# പ്രാഥമികാരോഗ്യ കേന്ദ്രം

**അഡൂർ, പി.ഒ. ഉർഡൂർ**

ഗ്രാമീണ ജനതയ്ക്ക് ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സ്ഥാപനമാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ. രോഗ പ്രതിരോധ പ്രവർത്തനം, ആരോഗ്യ സംരക്ഷണം, ചികിത്സ എന്നിവയാണ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രധാന കർത്തവ്യം.

**ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ - മെഡിക്കൽ ഓഫീസർ**

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം | പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയം | ഫീസ് |
|---|---|---|---|---|
| 1. | രോഗികൾക്കാവശ്യമായ പരിശോധനയും ചികിത്സയും | നിശ്ചിത സമയത്ത് ആശുപത്രിയിൽ എത്തിക്കുക | പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9.00-4.00 | ഇല്ല |
| 2. | ആവശ്യമായ മരുന്നുകൾ സംഭരണം സ്റ്റോക്ക് അനുസരിച്ച് നൽകുന്നു | ഡോക്ടറുടെ നിർദ്ദേശാനുസരണം സ്റ്റോക്ക് അനുസരിച്ചു നൽകുന്നു | പ്രവൃത്തി ദിവസങ്ങളിൽ 9.00 മുതൽ 4.00 വരെ | ഇല്ല |
| **കുട്ടികൾക്ക് രോഗ പ്രതിരോധ ചികിത്സ** | | | | |
| 3. | പ്രായം | കുത്തിവെയ്പ്/ചികിത്സ | എല്ലാ ബുധനാഴ്ചയും 9.00 മുതൽ 1.00 വരെ | ഇല്ല |
| | ഒന്നര മാസം | വെന്റാപാലന്റ് I, റോട്ടാ വൈറസ് I, IPVI പോളിയോ വാക്സിൻ ഫസ്റ്റ് ഡോസ് | | |
| | രണ്ടര മാസം | വെന്റാപാലന്റ് II, റോട്ടാ വൈറസ് II പോളിയോ വാക്സിൻ സെക്കന്റ് ഡോസ് | | |
| | മൂന്നര മാസം | വെന്റാപാലന്റ് III, റോട്ടാ വൈറസ് III, IPVII പോളിയോ വാക്സിൻ തേർഡ് ഡോസ് | | |
| | 9 മാസം പൂർത്തിയാകുമ്പോൾ | MR<br>വിറ്റാമിൻ എ I തുള്ളിമരുന്ന് | | |
| | 16-18 മാസം പ്രായമുള്ളപ്പോൾ | വിറ്റാമിൻ എ II തുള്ളിമരുന്ന്, ഡി.പി.ടി. ബൂസ്റ്റർ, പോളിയോ ബൂസ്റ്റർ, MRII | | |
| | രണ്ട് വയസ്സ് | വിറ്റമിൻ എ III തുള്ളിമരുന്ന് | | |
| | രണ്ടര വയസ്സ് | വിറ്റമിൻ എ IV തുള്ളിമരുന്ന് | | |
| | മൂന്ന് വയസ്സ് | വിറ്റമിൻ എ V തുള്ളിമരുന്ന് | | |
| | മൂന്നര വയസ്സ് | വിറ്റമിൻ VI | | |
| | നാല് വയസ്സ് | വിറ്റമിൻ VII | | |
| | നാലര വയസ്സ് | വിറ്റമിൻ VIII | | |
| | അഞ്ച് വയസ്സ് | വിറ്റമിൻ IX, DPT II Booster | | |
| | പത്ത് വയസ്സ് | PD | | |
| | പതിനാറ് വയസ്സ് | PD | | |
| 4. | ഗർഭിണികളെ പരിശോധിക്കൽ | നിശ്ചിത സമയത്ത് ആശുപത്രിയിൽ എത്തുക | എല്ലാ ചൊവ്വാഴ്ചയും 2.00 മുതൽ 4.00 വരെ | ഇല്ല |
| 5. | ഗർഭിണികൾക്ക് ടി.ടി. കുത്തിവെയ്പ് | നിശ്ചിത സമയത്ത് ആശുപത്രിയിൽ എത്തുക | എല്ലാ ചൊവ്വാഴ്ചയും 2.00 മുതൽ 4.00 വരെ | ഇല്ല |
| 6. | വിളർച്ചയ്ക്ക് എതിരെ അയൺ ഗുളിക വിതരണം | ആശുപത്രിയിൽ എത്തുക | പ്രവൃത്തി ദിവസങ്ങളിൽ 8 മുതൽ 4 വരെ. അവധി ദിവസങ്ങളിൽ 8.30 മുതൽ 12 വരെ | ഇല്ല |
| 7. | വയറിളക്കത്തിന് ഒ.ആർ.എസ്. വിതരണം | പ്രാഥമികാരോഗ്യ കേന്ദ്രത്തിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും | പ്രവൃത്തി ദിവസങ്ങളിൽ 8.30 മുതൽ 4.00 വരെ | ഇല്ല |

## വിവിധ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ | | |
|---|---|---|---|
| 1. | ശാന്തിമല | 5. | പയറടുക്ക |
| 2. | പരപ്പ | 6. | ദേലംപാടി |
| 3. | പാണ്ടി | 7. | അഡൂർ മെയിൻ സെന്റർ |
| 4. | അഡൂർ | | |

# കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

**പ്രവർത്തന സമയം : രാവിലെ 8.00 മുതൽ 12 വരെ (ഫീൽഡ് വർക്ക്)**
**ഉച്ചയ്ക്ക് 2.00 മുതൽ 4.00 വരെ (ഓഫീസ് വർക്ക്)**

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യത്തിൽ പ്രത്യേകം ഊന്നൽ നൽകുന്ന സ്ഥാപനമാണ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ. ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ പ്രതിരോധ കുത്തിവെയ്പുകളും ഉപദേശങ്ങളും നൽകുക, കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്നിവ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ചുമതലയാണ്.

**ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ – ജെ.പി.എച്ച്.എൻ/ജെ. എച്ച്.ഐ.**

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയം | ഫീസ് |
|---|---|---|---|---|
| 1. | ഗർഭിണികൾക്കുള്ള പരിശോധന | നിശ്ചിത സമയത്ത് സബ്സെന്ററിൽ എത്തുക | ക്ലിനിക് ദിവസങ്ങളിൽ | ഇല്ല |
| 2. | ഗർഭിണികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് | നിശ്ചിത സമയത്ത് സബ്സെന്ററിൽ എത്തുക | മാസത്തിലൊരിക്കൽ | ഇല്ല |
| 3. | അയൺ ഫോളിക് ആസിഡ് ഗുളിക വിതരണം | നിശ്ചിത സമയത്ത് സബ്സെന്ററിൽ എത്തുക | പ്രവർത്തി ദിവസങ്ങളിൽ | ഇല്ല |
| 4. | കുട്ടികൾക്കുള്ള പ്രതിരോധ ചികിത്സ | | മാസത്തിലൊരിക്കൽ | ഇല്ല |
| 5. | വയറിളക്ക രോഗത്തിനെതിരെ ഒ.ആർ.എസ്. വിതരണം | സബ് സെന്ററിൽ എത്തുക | പ്രവർത്തി ദിവസങ്ങളിൽ | ഇല്ല |
| 6. | കുടുംബക്ഷേമ പ്രവർത്തനം | | | |
| | ഗർഭ നിരോധന ഗുളികകൾ | ഗൃഹ സന്ദർശന വേളകളിൽ നൽകുന്നതോടൊപ്പം സബ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. | പ്രവർത്തി ദിവസങ്ങളിൽ | ഇല്ല |
| | ജി. കോപ്പർ ടി. | സബ് സെന്ററുകളിൽ നിന്നും ലഭിക്കുന്നതാണ് | പ്രവർത്തി ദിവസങ്ങളിൽ | ഇല്ല |
| 7. | ആരോഗ്യ വിദ്യാഭ്യാസം | സബ്സെന്ററിന് കീഴിൽ വരുന്ന പ്രദേശങ്ങളിൽ സംഘടിപ്പിക്കും. കൂടാതെ അങ്കണവാടികൾ, കുടുംബശ്രീകൾ, സന്നദ്ധ സംഘടനകൾ, എന്നിവയുടെ പങ്കാളിത്തത്തോടെയും സംഘടിപ്പിക്കും. | ആവശ്യപ്പെടുന്ന പ്രകാരം | ഇല്ല |
| 8. | ഗൃഹ സന്ദർശനം | | മുൻകൂട്ടി തയ്യാറാക്കുന്ന പരിപാടി അനുസരിച്ച് ജൂനിയർ ഹെൽത്ത് ഇന്സ്പെക്ടർമാർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് എന്നിവർ ഭവനസന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു | ഇല്ല |

## ദേലംപാടി ഗ്രാമപഞ്ചായത്ത്
## കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| പദ്ധതികൾ | മാനദണ്ഡങ്ങൾ |
|---|---|
| 1. വിവിധ തൊഴിൽ സംരംഭങ്ങൾ പരിശീലനം | കുടുംബശ്രീ അംഗങ്ങൾക്ക് മാത്രം. അപേക്ഷകൾ കുടുംബശ്രീ അയൽ കൂട്ടങ്ങളിൽ നൽകണം |
| 2. യുവശ്രീ അംഗങ്ങൾക്ക് തൊഴിൽ പരിശീലനവും സംരംഭകർക്കുള്ള സബ്സിഡിയും | അപേക്ഷകൾ കുടുബശ്രീ അയൽക്കൂട്ടത്തിന് നൽകണം. അപേക്ഷ കൾ നൽകേണ്ടത് എ.ഡി.എസ്. മുഖാന്തിരം സി.ഡി.എസ്.ന് |
| 3. കുടുംബശ്രീ നിവോശ്വിംഗ് ഫണ്ട് | 1 കുടുംബശ്രീയിൽ ഒരു വർഷമോ അതിലേറെയോ അംഗത്വം ഉണ്ടായിരിക്കണം |
| 4. മാച്ചിംഗ് ഗ്രാന്റ് | 2.5 മാസത്തിലേറെ അംഗത്വമുള്ളവർക്ക് പരിശീലനവും നൽകുന്നു. |
| 5. സംഘ കൃഷിക്ക് ഉൽപാദന ബോണസ് | സംരംഭങ്ങൾ തുടങ്ങിയതിന് 6 മാസത്തിന് ശേഷമുള്ള വ്യക്തിഗത ഗുണ |
| 6. അഗതി-ആശ്രയ പുനരധിവാസം | ഭോക്താക്കൾ അപേക്ഷകൾ എ.ഡി.എസ്. മുഖാന്തിരം സി.ഡി.എസിന് |
| 7. ദാരിദ്ര്യ ലഘൂകരണം | ലഭിക്കണം |
| 8. സ്ത്രീ ശാക്തീകരണം | |

മെമ്പർ സെക്രട്ടറി : ഹംസ.എം. (അസി. സെക്രട്ടറി)
ചെയർപേഴ്സൺ : ജയലക്ഷ്മി

## ദേലംപാടി ഗ്രാമപഞ്ചായത്ത്
▽
## കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിൽ സി.ഡി.എസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, 14 അംഗങ്ങൾ
▽
## ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (എ.ഡി.എസ്. വാർഡ് തലത്തിൽ 7 അംഗങ്ങൾ

## നിർവ്വഹണ ഉദ്യോഗസ്ഥൻ : മെമ്പർ സെക്രട്ടറി
## കുടുംബശ്രീ യൂണിറ്റുകൾ വാർഡ് തലത്തിൽ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | കുടുംബശ്രീ യൂണിറ്റു കളുടെ എണ്ണം | വാർഡ് നമ്പർ | വാർഡിന്റെ പേര് | കുടുംബശ്രീ യൂണിറ്റു കളുടെ എണ്ണം |
|---|---|---|---|---|---|
| 1. | ഉജംപാടി | 11 | 9. | കട്ടിപ്പാറ | 14 |
| 2. | ദേലംപാടി | 8 | 10. | ബളവന്തടുക്ക | 11 |
| 3. | പരപ്പ | 12 | 11. | പാണ്ടി | 17 |
| 4. | പുതിയമ്പലം | 8 | 12. | അഡൂർ | 15 |
| 5. | ദേവറഡുക്ക | 13 | 13. | എടപ്പറമ്പ | 14 |
| 6. | ബെള്ളക്കാന | 13 | 14. | മൊഗർ | 14 |
| 7. | പയറടുക്ക | 13 | 15. | പള്ളങ്കോട് | 13 |
| 8. | മല്ലംപാറ | 16 | 16. | മയ്യള | 12 |

## ദേലംപാടി ഗ്രാമപഞ്ചായത്ത്

### ഹോമിയോ ഡിസ്പെൻസറി (അഡൂർ) എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി (ദേലംപാടി) നിന്നും ലഭിക്കുന്ന സേവനങ്ങൾ

പുറം രോഗികളെ, (Out Patients) അതായത് കിടത്തി ചികിത്സ ആവശ്യമില്ലാത്ത രോഗികളെയാണ് ഡിസ്പെൻസറിയിൽ ചികിത്സിക്കുന്നത്. അത്തരം രോഗികളെ പരിശോധിച്ച് ആവശ്യമുള്ള ഔഷധങ്ങളും നിർദ്ദേശങ്ങളും നൽകുന്നു. ചികിത്സയുടെ ഏതെങ്കിലും ഘട്ടത്തിൽ കിടത്തി ചികിത്സ ആവശ്യമെന്നു കണ്ടാൽ രോഗിയെ മെച്ചപ്പെട്ട സൗകര്യമുള്ള ആശുപത്രിയിലേക്ക് അയക്കുന്നു. (റഫർ)

ഒ.പി. പ്രവർത്തന സമയം: രാവിലെ 9 മണി മുതൽ ഉച്ചക്ക് 2 മണി വരെ

സേവന ചുങ്കം : സേവനം പൂർണ്ണമായും സൗജന്യമാണ്. ആശുപത്രി, വികസന സമിതി തീരുമാനപ്രകാരം നിശ്ചിത സേവനങ്ങൾക്ക് ഫീസ് ഈടാക്കുന്നതാണ്.

ചികിത്സ സേവനങ്ങൾ : സമഗ്ര ആരോഗ്യ പരിരക്ഷ (Comprehensive Health Care) സേവനം തേടിയെത്തുന്ന രോഗികൾക്ക് പരമാവധി ചികിത്സ ലഭ്യമാക്കുക എന്നതാണ് സേവന രീതി

രോഗ ചികിത്സ (Curative Care) യുടെ കാര്യത്തിൽ ജലദോഷം മുതൽ ഏറ്റവും പുതിയ രോഗങ്ങൾക്കു വരെ ഹോമിയോപ്പതിയുടെ അടിസ്ഥാന സിദ്ധാന്തമനുസരിച്ച് പ്രകൃതിജന്യമായ ഏതുരോഗത്തിനും ചികിത്സ നിശ്ചയിക്കാനാകും.

ചികിത്സ ലഭ്യമല്ലാത്തവ : അടിയന്തിര ശസ്ത്രക്രിയ വേണ്ടുന്ന രോഗങ്ങൾ തീവ്ര പരിചരണം (Intensive Care) വേണ്ടുന്ന ഹൃദയാഘാതം, ബോധക്ഷയം, ഉഗ്രവിഷബാധ, ഭക്ഷ്യവിഷബാധ, ഔഷധത്തോടൊപ്പം അനുബന്ധ ചികിത്സ (Suport Treatment)വേണ്ടുന്ന രോഗങ്ങൾ റോഡപകടങ്ങൾ, വീഴ്ചകൾകൊണ്ടുണ്ടാകുന്ന ഒടിവുകൾ, മുറിവുകൾ, തുടങ്ങിയവ.

പ്രത്യേക കാലഘട്ടത്തിൽ പടർന്ന് പിടിക്കാറുള്ള പകർച്ചപ്പനി, ഡെങ്കിപ്പനി, എലിപ്പനി, ടൈഫോയ്ഡ്, അഞ്ചാംപനി, (Measles) പൊക്കൻ (Chicken Pox) , കോളറ മറ്റു വയറിളക്ക രോഗങ്ങൾ, ചെങ്കണ്ണ്(Viral Conjunctivitis) തുടങ്ങിയ പകർച്ച വ്യാധികൾക്ക് പ്രതിരോധ ഔഷധം നൽകുന്നു.

പ്രതിമാസം നിശ്ചയിക്കുന്നതിന് ഹോമിയോപ്പതിയുടെ സിദ്ധാന്തത്തിനും രീതി ശാസ്ത്രത്തിനുസരിച്ചാണ് എന്ന പ്രത്യേകത കൊണ്ടുതന്നെ ഒരവസരത്തിൽ നൽകിയ പ്രതിരോധ ഔഷധം എല്ലായിപ്പോഴും പ്രവർത്തിക്കണമെന്നില്ല. ഇതര ചികിത്സ ശാസ്ത്രങ്ങളിലെന്ന പോലെ ഹോമിയോപ്പതിയിലൂടെ ലഭിക്കുന്ന പ്രതിമാസ ചികിത്സയും പൂർണ്ണമായും ഫലപ്രദമായിരിക്കണമെന്നില്ല.

ഈ ഡിസ്പെൻസറിയിൽ നിന്നും ലഭിച്ച സേവനത്തിനുള്ള അപര്യാപ്തതയോ, സേവന നിഷേധമോ ജീവനക്കാരുടെ പെരുമാറ്റം സംബന്ധിച്ചോ ഉള്ള പരാതികൾ നേരിട്ടോ രേഖാമൂലമോ അറിയിക്കാവുന്നതാണ്. എല്ലാ ദിവസവും ഉച്ചക്ക് 1 മണിക്ക് ഈ ആവശ്യത്തിനായി നോഡൽ ഓഫീസറെ സമീപിക്കാവുന്നതാണ്. ഒ.പി. വിഭാഗത്തിൽ പരാതിപ്പെട്ടി (Complaint Box) സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ നന്നായി സേവിക്കാൻ നിങ്ങളുടെ പരാതികൾ യഥാസമയം അറിയിക്കുക. എല്ലാ പരാതികൾക്കും 10 ദിവസത്തിനകം ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കുന്നന്നതായിരിക്കും. പരിഹാര നടപടികൾ തൃപ്തികരമല്ലെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഹോമിയോ/ഡയറക്ടർ എന്നിവരെ സമീപിക്കാവുന്നതാണ്.

## ദേലംപാടി ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ നിന്നും സമീപ പഞ്ചായത്തിൽനിന്നും എത്തുന്ന രോഗികളെ ഒ.പി. പരിശോധിക്കുകയും, ചികിത്സിക്കുകയും ചെയ്യുന്നു.

**പ്രവർത്തന സമയം**
**ഒ.പി. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ**

സേവനം പൂർണ്ണമായും സൗജന്യമാണ്. ആശുപത്രി മാനേജിംഗ് കമ്മറ്റിയുടെ തീരുമാനപ്രകാരം ഫീസ് ഈടാക്കുന്നതാണ്.

### മറ്റു പ്രവർത്തനങ്ങൾ

1. ആരോഗ്യ ബോധവൽക്കരണ പരിപാടികൾ
2. മഴക്കാല രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി പ്രതിരോധ പ്രവർത്തനങ്ങൾ
3. ദിനചര്യ, ഋതുചര്യ ഇവ സംബന്ധിച്ച നിർദ്ദേശങ്ങൾ
4. മെഡിക്കൽ സർട്ടിഫിക്കറ്റ് (സ്ഥാപനത്തിൽ ചികിത്സയ്ക്കായി എത്തിയ രോഗികൾക്ക്)
5. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമായ രേഖകൾ സഹിതം അപേക്ഷിച്ചാൽ 3 ദിവസത്തിനകം)
6. ലൈഫ് സർട്ടിഫിക്കറ്റ് (ആവശ്യമായ രേഖകൾ സഹിതം അപേക്ഷിച്ചാൽ, വ്യക്തി നേരിട്ട് ഹാജരായാൽ അന്നുതന്നെ നല്കുന്നതാണ്).

# ദേലംപാടി ഗ്രാമപഞ്ചായത്ത്

## വെറ്ററിനറി ഡിസ്പെൻസറിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

1. ഈ സ്ഥാപനത്തിന്റെ അധികാര പരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുക
2. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
3. കന്നുകാലികൾക്കുള്ള പ്രജനന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.
4. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക.

**ആശുപത്രി ജീവനക്കാർ**

| | | | |
|---|---|---|---|
| 1. | വെറ്ററിനറി സർജൻ | – | 1 |
| 2. | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | – | 1 |
| 3. | അറ്റന്റർ | – | 1 |
| 4. | പാർട്ട് ടൈം സ്വീപ്പർ | – | 1 |

**പ്രവർത്തന സമയം**

| | |
|---|---|
| സാധാരണ ദിവസം | : രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെ, ഉച്ചക്ക് 2 മുതൽ 3 മണിവരെ |
| ഞായറാഴ്ച | : രാവിലെ 9 മണി മുതൽ ഉച്ചക്ക് 12 മണി വരെ |
| മറ്റ് അവധി ദിവസം | : രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെ |

1. പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക.
2. പക്ഷിമൃഗാദികൾക്ക് രോഗപ്രതിരോധ കുത്തിവെപ്പുകൾ സർക്കാർ നിബന്ധനകൾക്ക് വിധേയമായി കാര്യക്ഷമമായി നടപ്പിലാക്കുക.
3. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗ ഗുണം മെച്ചപ്പെടുത്തുന്നതിനും കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക.
4. ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ പകർച്ചവ്യാധികൾക്ക് കാലോചിതമായി രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
5. കന്നുകാലികളെയും പക്ഷികളെയും ഇൻഷ്വൂർ ചെയ്യുന്നതിനുള്ള സൗകര്യം കർഷകന് ലഭ്യമാക്കുക.
6. ഇൻഷ്വൂറൻസ് ആനുകൂല്യവുമായി ബന്ധപ്പെട്ട രേഖകൾ കർഷകന് സമയബന്ധിതമായി ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുക.
7. ജന്തു-ജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ മറ്റു സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടുകൂടി നടപ്പിലാക്കുക.
8. കന്നുകാലികളിലെ വന്ധ്യതാ നിവാരണത്തിനായി വന്ധ്യതാ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
9. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുക.
10. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനായി സ്വയംതൊഴിൽ രംഗത്ത് കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുക.
11. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ മൃഗസംരക്ഷണ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുക.
12. കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുക

**ഈ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്ക്**

| | |
|---|---|
| ഓമന മൃഗങ്ങളുടെ ചികിത്സാ ചെലവ് | 15 രൂപ |
| ശസ്ത്രക്രിയകൾ | 100 രൂപ മുതൽ 250 വരെ |

### പരാതി പരിഹാരം

മൃഗാശുപത്രിയുടെ പ്രവർത്തന സേവനം എന്നിവയെ സംബന്ധിച്ച പരാതികൾക്ക് ആദ്യം ആശുപത്രിയിലെ ഡോക്ടർക്ക് നൽകുക. അതിൻമേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനും പരാതി കൊടുക്കാവുന്നതാണ്.